## പതിനാലാം കേരള നിയമസഭ
## 4-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2240** 8.03.2017 -ൽ **മറുപടിയ്ക്ക്**

## ഇക്കോ ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** |

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ടൂറിസം വകുപ്പിന് കീഴിലുള്ള ഇക്കോ-ടൂറിസം വിഭാഗം ഏറ്റെടുത്തു നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ; | (എ) | ടൂറിസം വകുപ്പിന് കീഴിലുള്ള ഇക്കോ-ടൂറിസം വിഭാഗം ഏറ്റെടുത്തു നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി ചുവടെ ചേർക്കുന്നു.<br>**1) തെന്മല ഇക്കോടൂറിസം മേഖലയുടെ നവീകരണവും അനുബന്ധ വികസനങ്ങളും. -**<br>തെന്മല ഇക്കോ ടൂറിസം പദ്ധതിയുടെ നിലവിലെ സംവിധാനങ്ങൾ /സാഹചര്യങ്ങളുടെ വികസനം എന്നിവ നടപ്പിലാക്കുന്നത് ലക്ഷ്യമിട്ടാണ് ഈ പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ ജലസംബന്ധിയായ സാഹസിക ടൂറിസം , ഉദ്യാനം , ലാൻഡ് സ്കേപ്പിംഗ് , നിലവിലെ സംവിധാനങ്ങളുടെ നവീകരണം തുടങ്ങിയ വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി ചെലവിനായി 47 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതി തെന്മല ഇക്കോടൂറിസം പ്രൊമോഷൻ സൊസൈറ്റിവഴി നടപ്പിലാക്കി വരുന്നു.<br>**2) ആങ്ങാമൂഴി ഗവി ജംഗിൾ സഫാരി ഇക്കോ ടൂറിസം ബസ് സർവ്വീസ്.**<br>ഗവി ഇക്കോടൂറിസം പദ്ധതി പ്രദേശത്തിന്റെ ഭൗതീക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിനോദ സഞ്ചാരികൾക്ക് ജംഗിൾ സഫാരി നടത്തുന്നതിനായി ആങ്ങാമൂഴി ഗവി റൂട്ടിലേക്ക് രണ്ട് ബസ്സുകൾ വാങ്ങുന്നതിന് 44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി ആണ് നിർവ്വഹണ ഏജൻസി. |

**3) മൂട്ടറ മരുതിമല ഇക്കോട്ടൂറിസം പദ്ധതി**

പദ്ധതിയുടെ ഒന്നാം ഘട്ട നിർവ്വഹണം അന്തിമ ഘട്ടത്തിലാണ്. ഒന്നാംഘട്ട പദ്ധതി പൂർത്തീകരണത്തിനാവശ്യമായ തുക നിർവ്വഹണ ഏജൻസിയായ വെളിയം ഗ്രാമ പഞ്ചാത്തിന് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടാംഘട്ട വികസിനത്തിനുള്ള വിശദമായ രൂപരേഖ ലഭിച്ചിട്ടില്ല

**4) ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷൻ ഇക്കോട്ടൂറിസം പ്ലാൻ രണ്ടാം ഘട്ടം**

പദ്ധതിക്ക് 58 ലക്ഷം രൂപയുടെ അംഗീകാരം ലഭിക്കുകയും മുഴുവൻ തുകയും ഇടുക്കി വൈൽഡ് ലൈഫ് വാർഡന് കൈമാറുകയും ചെയ്തിട്ടുണ്ട് പദ്ധതി പൂർത്തീകരണത്തിന്റെ ഘട്ടത്തിലാണ്.

**5) കോട്ടൂർ ആന പുനരധിവാസ കേന്ദ്രം പുനരുദ്ധാരണ കേന്ദ്രം.**

കോട്ടൂർ എലഫന്റ് റീഹാബിലിറ്റേഷൻ സെന്റർ അപ്ഗ്രഡേഷൻ പ്ലാൻ എന്ന പദ്ധതിക്ക് 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി തുക തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷന് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിലാണ്.

**6) പരുത്തുറാഞ്ചി ഐലൻഡ് ഇക്കോ ടൂറിസം വികസനം രണ്ടാം ഘട്ടം**

ഈ പദ്ധതിക്ക് 66.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 33.25 ലക്ഷം രൂപ എറണാകുളം ഡി റ്റി പി സി ക്ക് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ നടന്നു വരുന്നു.

**7 ഇക്കോ ടൂറിസം ഓഫ് തെന്മല ( പാലരുവി വാട്ടർ ഫാൾസ് ഡെവലപ്മെന്റ്)**

ഈ പദ്ധതിക്ക് (പാലരുവി വെള്ളച്ചാട്ടം) 52 ലക്ഷം രൂപ അനുവദിക്കുകയും മുഴുവൻ തുകയും തെൻമല ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിക്ക് നൽകിയിട്ടുമുണ്ട്.

**8) അഡീഷണൽ ഫസിലിറ്റീസ് അറ്റ് ശെന്തരുണി ഇക്കോ ടൂറിസം**

ശെന്തരുണി സാങ്ച്വറിയുടെ വികസനത്തിനായി 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുക ശെന്തരുണി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിക്ക് നൽകിയിട്ടുണ്ട്.

**9) ക്യാമ്പിംഗ് ഫസിലിറ്റി അറ്റ് അരിപ്പ.**
അരിപ്പയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ട്രെക്കിംഗ് ക്യാമ്പിംഗ് സൗകര്യം ഒരുക്കുന്നതിനുമായി 58.5 ലക്ഷം രൂപ അനുവദിച്ചിരുന്നു. കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ പണി പൂർത്തികരിച്ച് സൗകര്യങ്ങൾ ഒരുക്കുകയും പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇക്കോ-ടൂറിസം വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രാദേശിക ടൂറിസം വികസനത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | വനം വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഡിറ്റി പി സി കൾ , വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുമായി ചേർന്ന് പരിസ്ഥിതി സൗഹാർദ്ദമായ പദ്ധതികൾ കണ്ടെത്തി അവ നടപ്പിലാക്കാനുള്ള പരിപാടികൾ ആവിഷ്കരിച്ചു വരുന്നു. ഇതിലേക്കായി ഇക്കോടൂറിസം ഡെസ്റ്റിനേഷനിൽ വാഹകശേഷി പഠനംനടത്തേണ്ടത് ആവശ്യമാണ്. വനം വകുപ്പിന്റെ അധീനതയിലുള്ള ഇക്കോടൂറിസം മേഖലകളിൽ പാർക്കിംഗ്, താമസ സൗകര്യം മുതലായവയ്ക്ക് വനേതര പ്രദേശങ്ങളിൽ സ്ഥലം കണ്ടെത്തേണ്ടതും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടതുമുണ്ട്. ഇക്കോ ടൂറിസം മേഖലകളിലേക്കുള്ള യാത്രാ സൗകര്യങ്ങൾ വിപുലമാക്കേണ്ടതും സുഗമമാക്കേണ്ടതുമുണ്ട്. |

സെക്ഷൻ ഓഫീസർ